**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1212 30.09.2016 ൽ മറുപടിയ്ക്ക്**

**<u>അംഗപരിമിതരുടെ വാഹനങ്ങൾക്ക് നൽകിയിട്ടുള്ള നികുതി ഇളവുകൾ</u>**

| ചോദ്യം<br>ശ്രീമതി.അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അംഗപരിമിതരുടെ വാഹനങ്ങൾക്ക് നൽകിയിട്ടുള്ള നികുതി ഇളവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | അംഗപരിമിതരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5 ലക്ഷം രൂപ വരെ വിലയുള്ള വാഹനങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | അംഗപരിമിതർക്ക് വാഹനങ്ങൾ ഓടിക്കാനുള്ള പ്രശ്നങ്ങൾ അതിജീവിക്കുന്നതിനായി ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ ഉള്ള വാഹനങ്ങൾ പ്രയോജനപ്പെടും എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | അഞ്ചുലക്ഷത്തിന് മുകളിൽ വിലയാകുന്ന വാഹനങ്ങൾക്ക് റോഡ് ടാക്സ് നൽകണമെന്ന വ്യവസ്ഥ അംഗപരിമിതർക്ക് ഉണ്ടാക്കിയിട്ടുള്ള പ്രയാസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ഉത്തരവ് നമ്പർ 16/98/ഗതാഗതം തീയതി 31.03.1998 (എസ്.ആർ.ഒ നമ്പർ 30/98) എന്ന ഉത്തരവിലൂടെ, അംഗപരിമിതരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിരുന്നു. എന്നാൽ, അംഗപരിമിതരുടെ പേരിൽ ലക്ഷ്വറി വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് ടാക്സ് ഇളവ് നേടി ഈ നിയമം ദുരുപയോഗം ചെയ്യുന്ന സംഭവങ്ങൾ ഇല്ലാതാക്കുന്നതിനാണ് ഭേദഗതി ചെയ്ത് ഉത്തരവായത്. |

സെക്ഷൻ ഓഫീസർ